**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3075** **13-07-2022 - ൽ മറുപടിയ്ക്ക്**

**ചങ്കുവെട്ടി ജംഗ്ഷൻ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത കുരുക്ക് കാരണം യാത്രക്കാർ ഏറെ ബുദ്ധിമുട്ടുന്ന കോട്ടയ്ക്കൽ മണ്ഡലത്തിലെ ചങ്കുവെട്ടി ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ചങ്കുവെട്ടി ജംഗ്ഷൻ ദേശീയപാത 66 ൽ ആണ് സ്ഥിതി ചെയ്യുന്നത്. ദേശീയപാത 66 വികസനത്തിനായി ടി റോഡ് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി നിർമ്മാണ പ്രവർത്തനം നടത്തുന്ന പുതിയ 4/6 വരിപ്പാതയിൽ ചങ്കുവെട്ടി ജംഗ്ഷൻ ഉൾപ്പെടുന്നില്ല. ചങ്കുവെട്ടി ജംഗ്ഷനിൽ നിലവിലുള്ള ഹൈവേയുടെ അതിർത്തിയും കയ്യേറ്റങ്ങളും കണ്ടെത്തുന്നതിന് സർവേ നടത്തുവാൻ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിർത്തി നിർണയത്തിന് ശേഷം ദേശീയപാത അതോറിറ്റിക്ക് പ്രസ്തുത ജംഗ്ഷനിൽ നവീകരണ പ്രവൃത്തികൾ ഇല്ലായെങ്കിൽ അതോറിറ്റിയുടെ അനുമതിയോടെ മാത്രമേ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ജംഗ്ഷൻ നവീകരിക്കാനാകൂ. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, ഡിസൈൻ വിഭാഗങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ചങ്കുവെട്ടി ജംഗ്ഷൻ ദേശീയപാത 66 ൽ ആണ് സ്ഥിതി ചെയ്യുന്നത്. ദേശീയപാത 66 വികസനത്തിനായി ടി റോഡ് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി നിർമ്മാണ പ്രവർത്തനം നടത്തുന്ന പുതിയ 4/6 വരിപ്പാതയിൽ ചങ്കുവെട്ടി ജംഗ്ഷൻ ഉൾപ്പെടുന്നില്ല. ചങ്കുവെട്ടി ജംഗ്ഷനിൽ നിലവിലുള്ള ഹൈവേയുടെ അതിർത്തിയും കയ്യേറ്റങ്ങളും കണ്ടെത്തുന്നതിന് സർവേ നടത്തുവാൻ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിർത്തി നിർണയത്തിന് ശേഷം ദേശീയപാത അതോറിറ്റിക്ക് പ്രസ്തുത ജംഗ്ഷനിൽ നവീകരണ പ്രവൃത്തികൾ ഇല്ലായെങ്കിൽ അതോറിറ്റിയുടെ അനുമതിയോടെ മാത്രമേ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ജംഗ്ഷൻ നവീകരിക്കാനാകൂ. |

സെക്ഷൻ ഓഫീസർ